8. കൂത്തമ്പലം തുടങ്ങിയ സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും, കളരിപ്പയറ്റ് തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ അഭ്യസിപ്പിക്കുന്ന സ്ഥാപനങ്ങൾ നിർമ്മിക്കുന്നതിനും.

9. ടൂറിസം പ്രാധാന്യമുള്ള ആയുർവേദകേന്ദ്രങ്ങൾ.

10. പുണ്ടൻ, ഇരുട്ടുകുത്തി, വെപ്പ്, കെട്ടുവള്ളം, ഹൗസ്ബോട്ടുകൾ എന്നിവ നിർമ്മിക്കുന്നതിന്.

11. സർക്കാർ അംഗീകാരമുള്ള കരകൗശല കേന്ദ്രങ്ങൾ.

വിനോദസഞ്ചാര കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം

74. [1856] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കുവാൻ പ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ ?

ഉത്തരം

ഓരോ പ്രദേശത്തിന്റേയും ടൂറിസ്റ്റാകർഷണങ്ങളാണ് പ്രധാനമായും പരിഗണിക്കുന്നത്. കൂടാതെ, അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യത, ഗതാഗതസൗകര്യം, താമസസൗകര്യം മുതലായ ഘടകങ്ങളും കണക്കിലെടുക്കുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെയും ജോലി ലഭിച്ചവരുടെയും കണക്ക്

75. [1857] ശ്രീ. ഇ. ശങ്കരൻ :
,, സി.കെ. സദാശിവൻ :
,, എസ്. ശർമ്മ :
,, എ. പത്മകുമാർ :
,, എം. വിജയകുമാർ :
,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവരുടെ ഏറ്റവും ഒടുവിലത്തെ കണക്ക് എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) 1995 സെപ്റ്റംബറിൽ കേന്ദ്ര സർക്കാരിന് നൽകിയ കണക്ക് പ്രകാരം സംസ്ഥാനത്തെ തൊഴിൽ രഹിതരുടെ എണ്ണം എത്രയാണ് ;

(സി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 30-9-1995 വരെ പേരു രജിസ്റ്റർ ചെയ്തിരുന്നവർ എത്രയായിരുന്നു ; ഇവരുടെ എണ്ണം 31-12-1995-ൽ എത്രയാണ് ;

(ഡി) ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും 1995-ൽ പേര് നീക്കം ചെയ്തവരെത്രയെന്നും പുതിയതായി പേര് രജിസ്റ്റർ ചെയ്തവരെത്രയെന്നും കാണിക്കുന്ന പട്ടിക മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1995 സെപ്റ്റംബർ 1 മുതൽ 1996 ഫെബ്രുവരി 29 വരെ സംസ്ഥാനത്തെ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽ പുതുതായി എത്രപേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(എഫ്) 1995 ആഗസ്റ്റ് മാസത്തിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട് ;

(ജി) കഴിഞ്ഞ ആറുമാസത്തിനുള്ളിൽ തൊഴിലില്ലാത്തവരുടെ എണ്ണം 42 ലക്ഷത്തിൽനിന്നും 32 ലക്ഷമായി കുറഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച രേഖ മേശപ്പുറത്ത് വയ്ക്കുമോ ;

(എച്ച്) 10 ലക്ഷം പേർക്ക് തൊഴിൽ ലഭിച്ചതുമൂലമാണോ തൊഴിൽ രഹിതരുടെ എണ്ണത്തിൽ കുറവ് വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; എങ്കിൽ ഏതു കാലയളവിലാണ് ഈ കുറവ് വന്നിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ഐ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിരുന്നവരിൽ എത്രപേർ 1995 സെപ്റ്റംബർ മാസത്തിനുശേഷം എംപ്ലോയ്മെൻറ് കാർഡ് പുതുക്കാതെയുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ജെ) നാഷണൽ എംപ്ലോയ്മെൻറ് സർവ്വീസ് മാനുവൽ പ്രകാരം ഒരിക്കൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവരെ ഒഴിവാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണ് ;

(കെ) ഇതിന് വിരുദ്ധമായി പേര് രജിസ്റ്റർ ചെയ്തവരെ ഒഴിവാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.
(ബി) വിവരം ശേഖരിച്ചു വരുന്നു.
(സി) വിവരം ശേഖരിച്ചു വരുന്നു.
(ഡി) വിവരം ശേഖരിച്ചു വരുന്നു.
(ഇ) വിവരം ശേഖരിച്ചു വരുന്നു.
(എഫ്) വിവരം ശേഖരിച്ചു വരുന്നു.
(ജി) വിവരം ശേഖരിച്ചു വരുന്നു.
(എച്ച്) വിവരം ശേഖരിച്ചു വരുന്നു.
(ഐ) വിവരം ശേഖരിച്ചു വരുന്നു.
(ജെ) വിവരം ശേഖരിച്ചു വരുന്നു.
(കെ) വിവരം ശേഖരിച്ചു വരുന്നു.

ഇ. എസ്. ഐ. പദ്ധതി

76. [1858] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇ.എസ്.ഐ. പദ്ധതി മെച്ചപ്പെടുത്തുന്നതിനായി സർക്കാർ എന്തൊക്കെ പരിഷ്കാരങ്ങൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly